**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2935** **12-07-2022 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര പൊഴിയൂർ തീരദേശത്തെ രണ്ടാംഘട്ട ഭവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ ആൻസലൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | നെയ്യാറ്റിൻകര പൊഴിയൂർ തീരദേശത്തെ വീടില്ലാത്ത മത്സ്യത്തൊഴിലാളികൾക്കായി രണ്ടാംഘട്ട ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ? | (എ) | തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളെ സുരക്ഷിത സ്ഥലങ്ങളിൽ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതിയാണ് ഫിഷറീസ് വകുപ്പ് നിലവിൽ നടപ്പാക്കി വരുന്ന ഭവന പദ്ധതി. പൊഴിയൂർ തീരദേശത്ത് കൊല്ലങ്കോട് മത്സ്യഗ്രാമത്തിൽ 139 ഉം പരുത്തിയൂർ മത്സ്യ ഗ്രാമത്തിൽ 227 ഉം ഉൾപ്പടെ 366 ഗുണഭോക്താക്കളെ 2 മത്സ്യ ഗ്രാമങ്ങളിലായി പുനർഗേഹം പദ്ധതിയുടെ ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. അതിൽ 123 കുടുംബങ്ങളെ പുനർഗേഹം പദ്ധതി പ്രകാരം കാരോട്നിർമ്മിച്ച ഫ്ലാറ്റിൽ പുനരധിവസി പ്പിച്ചിട്ടുണ്ട്. വ്യക്തിഗത ഭവന നിർമ്മാണ പദ്ധതിയിൽ 4 കുടുംബങ്ങൾ ഗുണ ഭോക്താക്കളായിട്ടുണ്ട്. പുനർഗേഹം പദ്ധതിയുടെ ഭാഗമായി കാരോട് രണ്ടാം ഘട്ടമായി നിർമ്മിക്കുന്ന 24 ഫ്ളാറ്റുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ സ്വീകരിച്ചു വരികയാണ്. 50 മീറ്ററിന് പുറത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി ലൈഫ് മിഷൻ ഭവന പദ്ധതിയാണ് നിലവിൽ നടപ്പിലാക്കി വരുന്നത്. ഇതു പ്രകാരം കുളത്തൂർ പഞ്ചായത്തിലെ 66 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചതിൽ 55 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ